

ളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ

# ഡിസൈനർ +ബിൽഡർ

Designer + Builder

2014 March
Vol.11 Issue 106
Price ₹ 50/-

## ഐ.ഐ.എ. അവാർഡിന് അർഹമായ 3 വീടുകൾ

ആർക്കിടെക്റ്റ് രാജശേഖരൻ & കുഞ്ചൻ ഗർഗ്
ആർക്കിടെക്റ്റ് ജയദേവ്
ആർക്കിടെക്റ്റ് നിരഞ്ജൻ സി. വാര്യർ

11 വീടുകൾ

ആർക്കിടെക്ചർ: ശാന്തസാഗരം പോൽ
ആർക്കിടെക്റ്റ് നീന കോര ജേക്കബ്

ട്രസ് റൂഫ്: തരവും ഗുണവും

## റെസിഡൻസ് വിഭാഗം - കമന്റേഷൻ അവാർഡ്



എറണാകുളത്തുള്ള മുനമ്പം എന്ന സ്ഥലത്ത് ശാന്തസുന്ദര ഗ്രാമാന്തരീക്ഷത്തിൽ അഞ്ചു പേരടങ്ങുന്ന ഒരു കുടുംബത്തിന് വേണ്ടി ആർക്കിടെക്റ്റ് ജയദേവ് രൂപകല്പന ചെയ്ത വീട്

# അന്തർമുഖം; ശാന്തം





ആർക്കിടെക്റ്റ് ജയദേവ്

എറണാകുളത്തുള്ള മുനമ്പം എന്ന സ്ഥലത്ത് ശാന്തസുന്ദര ഗ്രാമാന്തരീക്ഷത്തിൽ അഞ്ചുപേരടങ്ങുന്ന ഒരു കുടുംബത്തിന് വേണ്ടി ആർക്കിടെക്റ്റ് ജയദേവ് രൂപകല്പന ചെയ്ത വീട്. വീട്ടുകാർ താമസിച്ചുകൊണ്ടിരുന്ന വീടിന് പിന്നിലായാണ് പുതിയ വീട് വയ്ക്കേണ്ടിയിരുന്നത്. പുതിയ വീട് വച്ചുകഴിയുമ്പോൾ മുന്നിലുള്ള വീട് പൊളിച്ചു കളഞ്ഞ് അവിടെ വാണിജ്യാവശ്യങ്ങൾക്കുപകരിക്കുന്ന ഒരു കെട്ടിടം പണിയാനാണ് ക്ലൈന്റ് ആഗ്രഹിച്ചിരുന്നത്. പുതിയ വീടിന്റെ കിഴക്കു ഭാഗത്തു തന്നെയാണ് ഈ ഏരിയ വരുക. കൂടാതെ ശബ്ദ കോലാഹലങ്ങൾ സൃഷ്ടിക്കുന്ന ഒരു സ്കൂൾ പ്ലോട്ടിന്റെ തെക്കുഭാഗത്തായി ഉണ്ട്. ഈ സ്കൂളും, ഭാവിയിൽ പണിയാൻ പോകുന്ന കൊമേഴ്സ്യൽ കോംപ്ലക്സും മുൻകൂട്ടി കണ്ടുവേണമായിരുന്നു ആർക്കിടെക്റ്റിന് വീടിന്റെ ഡിസൈൻ നിശ്ചയിക്കാൻ. പോരാത്തതിന് തെക്കുഭാഗത്തുനിന്നും പടിഞ്ഞാറു ഭാഗത്തുനിന്നുമുള്ള ശക്തമായ വെയിലിന്റെ സാന്നിധ്യമുണ്ടാകുമെന്നതും കണക്കിലെടുക്കണം. കുടുംബാംഗങ്ങളിൽ കുട്ടികളൊഴിച്ച് ബാക്കിയുള്ളവർ പകൽ സമയം മുഴുവൻ വീട്ടിൽ കഴിച്ചുകൂട്ടുന്നവരാണ് താനും.

## ഡിസൈൻ രൂപപ്പെടുന്നു

ഇത്തരം കാര്യങ്ങളെല്ലാം കണക്കിലെടുത്ത് വീട് ഡിസൈൻ ചെയ്തപ്പോൾ പുറം കാഴ്ചയ്ക്ക് പ്രാധാന്യമോ, കിഴക്കു ഭാഗത്തേക്ക് വലിയ ഓപ്പണിങ്ങുകളോ ഒന്നും നൽകാതെ വീടിനുള്ളിൽ ശാന്തമായ ഒരു അന്തരീക്ഷം പ്രദാനം ചെയ്യും വിധമാണ് ആർക്കിടെക്റ്റ് വീടൊരുക്കിയത്. അതിനായി പകൽ സമയം കൂടുതൽ പെരുമാറാൻ ഇടയില്ലാത്ത സ്ഥലങ്ങൾ ചുറ്റിനുമായി വിന്യസിച്ചുകൊണ്ട്



ഫാമിലി ലിവിങ് ഏരിയയെ ഈ മുറികൾ കവർ ചെയ്തു നിൽക്കും വിധമുള്ള ഒരു ഡിസൈൻ തെരഞ്ഞെടുത്തു. ഗസ്റ്റ് ബെഡ്റൂം, പൗഡർ റൂം, ഫോർമൽ ലിവിങ് ഏരിയ തുടങ്ങിയ മുറികൾ കൊണ്ട് ഇപ്രകാരം ഫാമിലി ലിവിങ് ഏരിയ സംരക്ഷിച്ചു നിർത്തി. ഈ ഭാഗത്ത് ഫ്ളാറ്റ് റൂഫ് ചെയ്തിരിക്കുന്നു. വിവിധ മുറികൾ ചുറ്റിനും വരുന്നതിനാൽ ഫാമിലി ലിവിങ് ഏരിയയിൽ പ്രകാശത്തെ എത്തിക്കുവാനായി റൂഫിന്റെ ഏകദേശം മധ്യഭാഗത്തായി വലിയൊരു സ്കൈലൈറ്റ് നൽകിയിരിക്കുന്നു. ഈ സ്കൈലൈറ്റ് പ്രകാശം ഉറപ്പാക്കുന്നു. പ്ലോട്ടിലെ തെക്കുഭാഗത്ത് നിന്നിരുന്ന മരങ്ങളൊന്നും മുറിച്ചില്ല. അതും ചൂടും ശബ്ദവും കുറയ്ക്കാൻ സഹായിച്ചു.

## ഉള്ളിലേക്ക് തിരിഞ്ഞ്

വീട്ടിലേക്കുള്ള പ്രവേശന മാർഗ്ഗത്തിൽ മിനിമം ഓപ്പണിങ്ങുകൾ മാത്രം നൽകി. ഒഴിഞ്ഞ ഏരിയകൾ ആണ് കൂടുതൽ. എന്നാൽ അകത്ത് വിശാലമായ ഏരിയകൾ തീർത്തു. യഥാർത്ഥത്തിൽ ഈ വീട് പുറംകാഴ്ചയ്ക്കല്ല; അകം കാഴ്ചയ്ക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. പ്രധാന പ്രവേശന മാർഗ്ഗം കിഴക്കു നിന്നാകയാലും, ഉയരമുള്ള മരങ്ങൾ ഉള്ളതുകൊണ്ടും, അധികം ഓപ്പ





അകത്തളങ്ങളിൽ സൂര്യ പ്രകാശം സമൃദ്ധമാണ്. എന്നാൽ ചൂടുകുറവും

ണിങ്ങുകൾ ഇല്ലാത്തതുകൊണ്ടും ഭാവിയിൽ കിഴക്കുഭാഗത്ത് കൊമേഴ്സ്യൽ ബിൽഡിങ് വന്നാലും ആ ഭാഗത്ത് നിന്നുള്ള ശബ്ദ മലിനീകരണത്തിനെ പ്രതിരോധിക്കാം. വീടിനുള്ളിലെ പാർട്ടീഷനുകൾ മിക്കവയും ചെയ്തിരിക്കുന്നത് സീലിങ്ങിൽ നിന്നും തറയിലെത്തുന്ന ഭിത്തികൾകൊണ്ടല്ല. മറിച്ച് ഹാഫ് വാളുകളും ഫ്ളോറിങ്ങിലെ ഗ്രനൈറ്റ് ബാൻഡുംകൊണ്ടാണ്. കോർട്ട്യാർഡിൽ കാണുന്ന ഭിത്തി കോർട്ട് യാർഡിന്റെ ബാക്ക് ഡ്രോപ്പും അതേസമയം ഈ ഭിത്തി മറുഭാഗത്ത് ടിവി യൂണിറ്റിന്റെ ബാക്ക്ഡ്രോപ്പായും വർത്തിക്കുന്നു.

## വെയിലിന് വിട

വിവിധാവശ്യങ്ങൾക്കുള്ള മുറികൾ ഫാമിലിലിവിങ്ങിനു ചുറ്റിനുമായി പണി







ഫാമിലി ലിവിങ് ഏരിയക്ക് ചുറ്റുമായി മറ്റുമുറികൾ വരുന്ന വിധത്തിലാണ് അകത്തളം രൂപകല്പന ചെയ്തിരിക്കുന്നത്.



തതു കൂടാതെ അവയെ സംരക്ഷിക്കാൻ തെക്കു ഭാഗത്ത് ടോയ്‌ലറ്റുകൾ വരുന്ന വിധത്തിലുള്ള ഡിസൈൻ സ്വീകരിച്ചു. തെക്കു പടിഞ്ഞാറ് മൂലയിലായി ഷേഡുള്ള ഒരു ഡെക്കു കൂടി നൽകി. ഈ ഭാഗത്തുള്ള കിഡ്സ്റൂമിന്റെ പടിഞ്ഞാറെ ഭിത്തിയിൽ, ഒരു ഭിത്തി മുഴുവൻ നിറഞ്ഞു നിൽക്കുന്ന വുഡൻ ക്യാബിനറ്റ് നൽകിയത് ആ മുറിക്കുള്ളിലേക്കെത്താൻ സാധ്യതയുള്ള പടിഞ്ഞാറൻ വെയിലിനു തടയിടാൻ സഹായിക്കുന്നു.


വീടിനുള്ളിലെ ചൂടുവായുവിനെ പുറത്തുകളയുവാൻ വിശാലമായ സ്കൈലൈറ്റ് ഏരിയയുടെ ഡീറ്റെയ്‌ലിങ്ങിൽ കൂടുതൽ ശ്രദ്ധിച്ചിട്ടുണ്ട്. ഇവയുടെ അരികിൽ സ്ലിറ്റു നൽകിയിരിക്കുന്നു.





ഡൈനിങ് ഏരിയയോട് ചേർന്ന് വടക്കു വശത്തായി വലിയ ഓപ്പണിങ്ങുണ്ട്. ഇവിടുത്തെ ഡോർ കം വിൻഡോ ഡെക്കിലേക്കു തുറക്കുന്നതിനാൽ ഇതിലൂടെയും സമൃദ്ധമായ വായുപ്രവാഹം ഉള്ളിലേക്കെത്തുന്നുണ്ട്. പകൽ സമയം അധികം ഉപയോഗിക്കേണ്ടാത്ത മുറികൾ തെക്കുഭാഗത്തായി ക്രമീകരിച്ച സംവിധാനം വീടിനുള്ളിൽ മിതോഷ്മാവ് തുടർച്ചയായി നിലനിർത്തുന്നതിനും ശാന്തമായ ഗൃഹാന്തരീക്ഷം പ്രദാനം ചെയ്യുവാനും ഇടയാക്കുന്നു.

സ്കൈലൈറ്റ് ഏരിയയിൽ സൂര്യപ്രകാശത്തിന്റെ ചൂട് 75% തടയുകയും ഒപ്പം യുവി കിരണങ്ങളെയും തടയുന്ന ഡബിൾ ഗ്ലേസ്ഡ് ഗ്ലാസ്സാണ് തെരഞ്ഞെടുത്തിരിക്കുന്നത്. വലിയ സ്കൈലൈറ്റ് ഏരിയ ആണെങ്കിലും താപനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിരിക്കുന്നതിനാൽ വീടിനുള്ളിൽ കഠിനമായ ചൂട് എത്തുന്നില്ല. ഇത്തരം ഗ്ലാസ് തെരഞ്ഞെടുത്തതു ആവശ്യാനുസരണം സൂര്യപ്രകാശം വീടിനുള്ളിൽ എത്തുന്നത് സ്കൈലൈറ്റിലൂടെയാണ് രാത്രിയിൽ നിലാവിന്റെ സാന്നിധ്യവും. അതിനാൽ പകൽ വൈദ്യുതി വിളക്കുകളുടെ ഉപയോഗം വീടിനകത്ത് പൂർണ്ണമായും ഒഴിവാക്കാനും, അതുമൂലം വൈദ്യുതി ഉപഭോഗം കുറയ്ക്കാനും കഴിഞ്ഞിരിക്കുന്നു.





മഴക്കാലത്ത് വീടിനുമുകളിൽ വീഴുന്ന ജലത്തിന്റെ നല്ലൊരു ശതമാനം ചങ്ങലകളിലൂടെ ഭൂഗർഭ അറയിലേയ്ക്ക് ശേഖരിച്ച് ഫിൽട്ടർ ചെയ്ത് കിണറിലേയ്ക്കും ഗ്രൗണ്ട് വാട്ടർ റീചാർജ്ജിങ്ങിനും ഉപയോഗിക്കുന്നു. അതിനാൽ സദാകാലവും കിണറിൽ ശുദ്ധജലത്തിന്റെ ലഭ്യതയും ഉറപ്പുവരുത്താനായി.

വീടിനകത്തെ സ്പേസ് വളരെ സജീവമാക്കി നിലനിർത്തുന്നു വീട് ശബ്ദ



ത്തിൽ നിന്നും അമിതമായ ചൂടിൽ നിന്നും വീട്ടകത്തെ സംരക്ഷിച്ച് വീട്ടുകാർക്ക് ഹിതകരമായ രീതിയിലുള്ള അന്തരീക്ഷം നൽകിയിരിക്കുന്നു. ഇപ്പോൾ ഇതൊരു അന്തർമുഖ സ്വഭാവമുള്ള വീടാണ്. പുറത്തുനിന്നും നോക്കിയാൽ വീടിനെക്കുറിച്ച്, യാതൊരു സൂചനയും ലഭിക്കുകയുമില്ല; ഉള്ളിൽ ശാന്തതയും. ഫാമിലി ലിവിങ് ഏരിയ വെയിലും ശബ്ദവുമില്ലാതെ ഡിസൈൻ ചെയ്യുക എന്നത് ഒരു വെല്ലുവിളി തന്നെയായിരുന്നു എന്ന് ജയദേവ് ഓർക്കുന്നു. ഈ വെല്ലുവിളിയെ ധൈര്യസമേതം ഏറ്റെടുത്തു നടപ്പിലാക്കിയതിനുള്ള അംഗീകാരമായി ഐഐഎയുടെ ഈ കമന്റേഷൻ അവാർഡിനെ കണക്കാക്കാം. ■

*ഫോട്ടോഗ്രാഫി:* അശോക് റാം